**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 418** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വ്യവസായ മേഘലയിലെ പുതിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് നഗരത്തിൽ ഐ.ടി., സ്റ്റാർട്ടപ്പ്, സേവനമേഖലാ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

**<u>മറുപടി:</u>** കേരള സർക്കാരിന് കീഴിലുള്ള കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM), സ്റ്റാർട്ടപ്പുകൾക്കുള്ള ഇൻകുബേഷൻ പിന്തുണയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നിലവിൽ UL Cyber Park, Cyber Park എന്നിവിടങ്ങളിലും കാലിക്കറ്റ് സർവകലാശാലയിലും 2016 മുതൽ LEAP കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങളിലായി ആകെ 28,963 ചതുരശ്ര അടി ബിൽറ്റ്-അപ്പ് ഏരിയ (Built-up Area) സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെ ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം, വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനുള്ള 58 ഇന്നോവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (IEDC) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്നു. സ്റ്റാർട്ടപ്പുകളുടെ നവീകരണത്തിനും വളർച്ചയ്ക്കുമായി LEAP സെന്ററുകൾ മുഖേന വിവിധ പദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ:

- സ്റ്റാർട്ടപ്പുകൾക്ക് കുറഞ്ഞ ചെലവിൽ കോ-വർക്കിംഗ് സ്പേസും ഇൻകുബേഷൻ സൗകര്യങ്ങളും ലഭ്യമാക്കുക.
- മെന്ററിംഗ്, ബിസിനസ് കൗൺസിലിംഗ്, നിക്ഷേപക ബന്ധം എന്നിവയ്ക്കുള്ള പിന്തുണ.
- സാങ്കേതിക പരിശീലനങ്ങൾ, വർക്ക്ഷോപ്പുകൾ, നെറ്റ്‌വർക്കിംഗ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
- വ്യവസായ-അക്കാദമിക് സഹകരണം പ്രോത്സാഹിപ്പിക്കുക.
- നൂതന ഉൽപ്പന്ന വികസനത്തിനും വിപണനത്തിനുമായി ആവശ്യമായ മാർഗനിർദ്ദേശവും പിന്തുണയും നൽകുക.
- സംസ്ഥാനത്തെ വിവിധ സർക്കാർ പദ്ധതികളിലേക്കും ധനസഹായ പദ്ധതികളിലേക്കും സ്റ്റാർട്ടപ്പുകളെ ബന്ധിപ്പിക്കുക.
- യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം (YIP), എർലി ഇന്നോവേഷൻ സെന്റർ (EIC), സീഡ് ഫണ്ട് പദ്ധതി, ഇന്നോവേഷൻ ഗ്രാന്റ്, വിമൺ സ്റ്റാർട്ടപ്പ് പ്രോഗ്രാം (WeStart), എലിവേറ്റ് ഹെർ (ElevateHer), സ്റ്റാർട്ടപ്പ് ആക്സിലറേഷൻ പ്രോഗ്രാമുകൾ, സ്റ്റാർട്ടപ്പ് ഇന്ത്യ സീഡ് ഫണ്ട് സ്കീം, സ്റ്റാർട്ടപ്പ് ബൂട്ട് ക്യാമ്പുകൾ, ഇൻവെസ്റ്റർ കണക്ട് പ്രോഗ്രാമുകൾ, അന്താരാഷ്ട്ര വിപണി പ്രവേശന (International Market Access) പ്രോഗ്രാമുകൾ, ഡീപ് ടെക് സംരംഭങ്ങൾ, വ്യവസായ-അക്കാദമിക് സഹകരണ പരിപാടികൾ.

കൂടാതെ, ജില്ലാ വ്യവസായ കേന്ദ്രം മുഖേന ഐ.ടി., സ്റ്റാർട്ടപ്പ്, സേവന മേഖലാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഏകജാലക സംവിധാനം വഴി അനുമതികൾ വേഗത്തിൽ ലഭ്യമാക്കുകയും, ഒരു കുടുംബം ഒരു സംരംഭം, സംരംഭകത്വ സഹായ പദ്ധതി, PMEGP, PMFME, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്, മിഷൻ 1000, ആശാ പദ്ധതി, MSME ഇൻഷ്വറൻസ് എന്നിവ പ്രകാരം സാമ്പത്തിക സഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

**(ബി)** കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുവദിച്ച ധനസഹായങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2025-2026 വർഷത്തിൽ കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുവദിച്ച ധനസഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **പദ്ധതി** | **സ്ഥാപനങ്ങളുടെ എണ്ണം** | **അനുവദിച്ച തുക (രൂപ)** |
|---|---|---|---|
| 1 | ESS | 2 | 15,10,116/- |
| 2 | PMFME | 12 | 78,82,361/- |
| 3 | MSME ഇൻഷ്വറൻസ് | 70 | 1,50,000/- (ആകെ കോഴിക്കോട് താലൂക്കിൽ ചെലവഴിച്ച തുക) |
| 4 | ഒരു കുടുംബം ഒരു സംരംഭം | 2 | 11,606/- |

**(സി)** പരമ്പരാഗത വ്യാപാര മേഖലകളെ ആധുനികവൽക്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ?

**മറുപടി:** പരമ്പരാഗത വ്യാപാര മേഖലകളെ ആധുനികവത്കരിക്കുന്നതിനും വിപണന മേഖല ശക്തിപ്പെടുത്തുന്നതിനുമായി കൈത്തറി, കയർ, കാഷ്യൂ, ബാംബൂ, ഖാദി തുടങ്ങിയ ഏജൻസികൾ വഴി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**സെക്ഷൻ ഓഫീസർ**